# എ.എം.എൽ.പി.എസ്, കാഞ്ഞിയൂർ



# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-2026

**വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട് :-**

1.പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
2.മാനവികത, സ്നേഹം, കരുണ, വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.
3.സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റേർസ് എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
4.പാരിസ്ഥിതികാവബോധത്തോടെയുള്ള ജീവിതവും വികസന സങ്കല്പങ്ങളും രൂപപ്പെടുത്തുന്നതിനുള്ള മനോഭാവം ഉണ്ടാക്കൽ.

**പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ:-**

- എസ്.ആർ.ജി യോഗം, സ്റ്റാഫ് യോഗം, പി.ടി.എ യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
- അക്കാദമികാവശ്യങ്ങൾക്ക് ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ പദ്ധതി, ലക്ഷ്യം, പ്രവർത്തനം,എസ്റ്റിമേറ്റ് തുക, കാലയളവ്, പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ.
- കരട് രൂപരേഖ SRG, SMC, PTA, MPTA, STAFF COUNCIL എന്നിവർക്ക് മുൻപിൽ അവതരിപ്പിക്കൽ.
- ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

**മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ**

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠന പരിപോഷണം
4. ശാസ്ത്രപോഷണ പരിപാടി
5. വായനാ പരിപോഷണം
6. പഠനയാത്രകൾ
7. കലാ -കായികമേള
8. ഐ. ടി. പരിശീലനം
9. അദ്ധ്യാപക ശാക്തീകരണ പരിപാടികൾ
10. ക്ലാസ്സ് പി. ടി. എ. സജീവമാക്കൽ
11. സ്കൂൾ പത്രം\മാസിക
12. പ്രവൃത്തി പരിചയപഠനം
13. ഒന്നാം ക്ലാസ്സ് ഒന്നാംതരം
14. എസ്. ആർ .ജി. ശാക്തീകരണം
15.ശാസ്ത്രാഭിരുചി വളർത്തൽ
16. പച്ചക്കറിത്തോട്ടം
17. പോഷകാഹാര പരിപാടി
18. ബ്ലോഗ്
19. ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ
20. ദിനാചരണം
21. കായിക പഠനം
22. ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| Name of School | : AMLPS KANHIYOOR |
| Name of Management | : Aided |
| Name of Manager | : V.Mohamed |
| Name of Edn/Dist | : Tirur |
| Name of Sub Dist | : Edappal |
| No. of Standards | : I to IV |
| No. of Pupils in roll | : 27 + 38 |
| No. of Teachers | : 5 |
| Working time | : 10am to 4pm |
| Name of Headmistress | : Omana p.p |
| Name of PTA President | : Firose p.p |
| Name of MTA President | : Surabhi |
| Name of School Leader | : Fathima Liyah p.u |
| Pincode | : 679574 |
| Post office | : Mookkuthala |
| Email id | : kanhiyooramlps@gmail.com |

# ലക്ഷ്യങ്ങൾ

1) മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2) അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3) പ്രീ പ്രൈമറി മുതൽ 4-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലു പാഠ്യപദ്ധതിക്കും അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതിമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.
4) അദ്ധ്യാപനവും, അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# <u>വിദ്യാലയത്തിന്റെ ചരിത്രം</u>

1940 ൽ തെങ്ങിൽ കുഞ്ഞി മരക്കാർ അവർകളിൽ നിന്ന് വാക്കുളങ്ങര കുഞ്ഞൂട്ടി മൊല്ല ഈ സ്ഥാപനം വാങ്ങി പ്രവർത്തനമാരംഭിച്ചു. മത പഠനവും സ്കൂളുമായി പ്രവർത്തനം ആരംഭിച്ച കാലഘട്ടത്തിൽ ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകളിലായി കുട്ടികൾ ഇവിടെ പഠിച്ചിരുന്നു ആരംഭ കാലഘട്ടം മുതൽ 2000 മാർച്ച് 24 വരെ സ്കൂൾ മാനേജർസ്ഥാനം വഹിച്ചിരുന്നത് കുഞ്ഞൂട്ടി മൊല്ലാക്ക തന്നെയായിരുന്നു. കുഞ്ഞൂട്ടി മൊല്ലാക്കയുടെ മരണശേഷം അദ്ദേഹത്തിൻറെ ഭാര്യയായ കദീജയാണ് സ്കൂൾ കാര്യങ്ങൾ നടത്തിപോന്നിരുന്നത്. 2005 ഏപ്രിൽ 28 ന് അവരുടെ മരണശേഷം മൂത്ത മകനായ ശ്രീ വി. മുഹമ്മദ് ഏറ്റെടുത്ത് നടത്തുന്നു.

സാമൂഹിക രാഷ്ട്രീയ വിദ്യാഭ്യാസ രംഗങ്ങളിൽ പ്രമുഖരായ അനവധി പേർക്ക് അറിവിൻറെ ആദ്യാക്ഷരം പകർന്ന മഹത്തായ സ്ഥാപനത്തിൽ അധ്യാപകരായും ധാരാളം പേർ പ്രവർത്തിച്ചു. ഒന്നുമുതൽ നാലുവരെയുള്ള ക്ലാസുകളിലായി 66 വിദ്യാർഥികളും അഞ്ചധ്യാപകരും ഇപ്പോൾ നമ്മുടെ വിദ്യാലയത്തിലുണ്ട്. അടുത്തകാലത്തായി ഉയർന്നു വന്ന അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ അതിപ്രസരവും ജനങ്ങളുടെ പൊതു വിദ്യഭ്യാസത്തോടുള്ള താൽപര്യക്കുറവും കുട്ടികളുടെ എണ്ണം കുറയാൻ ഇടയാക്കി

2014-15 അധ്യയന വർഷത്തിൽ ആരംഭിച്ച പ്രീ പ്രൈമറി വിഭാഗം സ്കൂളിനോട് ചേർന്നുണ്ട് . പ്രീ പ്രൈമറി വിഭാഗത്തിൽ 17 കുട്ടികൾ പഠിക്കുന്നുണ്ട്. ഇപ്പോഴത്തെ പ്രധാന അധ്യാപിക ശ്രീമതി പി.പി. ഓമനയാണ്

പ്രവർത്തന മികവിലേക്കെത്തി നോക്കുമ്പോൾ എല്ലാ മേഖലകളിലും മികവുകാട്ടുന്ന ഒരു വിദ്യാലയമാണിത്. 2014 ലെ എടപ്പാൾ ഉപജില്ലാ കലോത്സവത്തിൽ നമ്മുടെ വിദ്യാലത്തിനു അറബിക് കലോത്സവത്തിൽ L.P വിഭാഗത്തിൽ ഓവറോൾ നേടാൻ കഴിഞ്ഞതും, 2017- 'ൽസ്കൂൾ സ്ഥിതിചെയ്യുന്ന നന്നംമുക്ക് ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിച്ചുകൊണ്ട് പൊന്നാനി മണ്ഡലതല "മികവ് 2017" ൽ പങ്കെടുക്കാൻ സാധിച്ചതും, 2024-25 ൽ പഞ്ചായത്ത് തല കായികമേളയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സാധിച്ചതും, 2015 മുതൽ 2025 വരെ തുടർച്ചയായ 11 വർഷങ്ങളിൽ കുട്ടികൾക്ക് എൽ.എസ്.എസ് നേടാൻ സാധിച്ചു എന്നതും സ്കൂൾ ചരിത്രത്തിലെ സന്തോഷകരമായ നിമിഷങ്ങളാണ്. അതു പോലെ ശാസ്ത്രമേള കായികമേള കലാമേള ക്വിസ് മത്സരങ്ങൾ സ്കോളർഷിപ്പുകൾ എന്നീ രംഗങ്ങളിലെല്ലാം സംഭാവന നൽകുന്ന നമ്മുടെ വിദ്യാലയം കാഞ്ഞിയൂർ ഗ്രാമത്തിൽ അണയാത്ത വിളക്കായി നിലനിൽക്കുന്നു

# അക്കാദമിക് മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് | പ്രവർത്തനനം നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|
| 1. | **അക്ഷരജ്യോതി** | വായിക്കാനും അറിയാത്ത 2,3,4 ക്ലാസിലെ കുട്ടികളെ അക്ഷരമറിയുന്നവരാക്കി മാറ്റി വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക. | അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ പ്രവർത്തനം. അക്ഷരകാർഡ്, അക്ഷരചിത്രം അക്ഷരപ്പാട്ട്, അക്ഷരകഥകൾ-പദചാർട്ടുകൾ ഉപയോഗിച്ചുക്കൊണ്ടുള്ള വൈവിധ്യ പഠനപ്രവർത്തനങ്ങൾ. | 1000 | വർഷം മുഴുവൻ | പി ടി എ അധ്യാപകർ |
| 2. | **വായനാമരം [വായനാക്കൂട്ടം]** | നന്നായി വായിക്കാനും -എഴുതാനും അറിയുന്ന കുട്ടികൾക്കായി ഒരുക്കുന്ന വായനമരം-ഒരു മരത്തിനു ചുറ്റും ലൈബ്രറി പുസ്തകങ്ങൾ ഒരുക്കി വായനാക്കൂട്ടം പുസ്തക ചർച്ചയും, കവിതാ, കഥാ, അവതരണം നടത്തി-കുറിപ്പു തയ്യാറാക്കൽ | മരത്തിനു ചുറ്റും -വാക്യ കാർഡുകൾ നൽകി വാക്യനിർമ്മാണം, വായന തുടർന്ന് ഇഷ്ടമുള്ള പുസ്തകങ്ങളെടുത്ത് ഗ്രൂപ്പിൽ വായനാ-ചർച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ-ബാലസഭയിൽ അവതരിപ്പിക്കൽ. | 1000 | ആഴ്ചയിൽ ഒരിക്കൽ | പി ടി എ അധ്യാപകർ |
| 3. | **വായന പ്രോത്സാഹിപ്പിക്കുക** | | ഓരോ കുട്ടിയും വായിച്ച പുസ്തകത്തിന്റെ വായനക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ | | ആഴ്ചയിൽ ഒരിക്കൽ | പി ടി എ അധ്യാപകർ |
| 4. | **ഈസി ഇംഗ്ലീഷ്** | ഇംഗ്ലീഷ് പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | അടിസ്ഥാന ഭാഷാശേഷി വികസനം ഇംഗ്ലീഷ് കാർട്ടൂൺ poems എന്നിവ കേൾക്കാനുള്ള അവസരം. | | ഒഴിവു / ക്ലാസ്സ് സമയങ്ങളിൽ | അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| **5.** | **ഇംഗ്ലീഷ് അസംബ്ലി** | അടിസ്ഥാന ഭാഷാശേഷി കുറവ് പരിഹരിക്കൽ. | News reading, Book reading, "talk talk English" | | ആഴ്ചയിൽ ഒരിക്കൽ | അധ്യാപകർ |
| **6.** | **അറിവുത്സവം** | പത്രവാർത്തകൾ,അനുകാലികങ്ങൾ വായിച്ച്അറിവുനേടുക.ക്വിസ് മൽസരങ്ങൾ എൽ.എസ്.എസ്-പരീക്ഷകളിൽ ഉന്നതവിജയം നേടുക. | ക്ലാസ് ലൈബ്രറി ശാക്തീകരണം - പത്രക്വിസ് വാരാന്ത്യ പതിപ്പ് തയ്യാറാക്കൽ ക്വിസ് മത്സരം എല്ലാ ആഴ്ചയും നടത്തി-പുസ്തകത്തിൽ എഴുതൽ. മാസാവസാനമുള്ള പത്ര ക്വിസ് നടത്തൽ. | 2500 | വർഷം മുഴുവൻ | അധ്യാപകർ |
| **7.** | **ഗണിത മാല** | ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനും ചതുഷ്ക്രിയകൾ എളുപ്പമാക്കുന്നതിനും അളവ് തൂക്കങ്ങൾ കണ്ടെത്തുന്നതിനുള്ള കൂടുതൽ അവസരം ഒരുക്കൽ | മൂന്നുമാസം ഉറപ്പിക്കുന്നതിനുള്ള വസ്തുക്കൾ ചിത്രങ്ങൾ ഉപയോഗിച്ച് അളവു തൂക്കം പരിചയപ്പെടൽ , നീളം അളക്കൽ ,വെള്ളം അളക്കൽ , കളിച്ചന്ത തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഒരുക്കുന്നു | | വർഷം മുഴുവൻ | അധ്യാപകർ |
| **8.** | **പരീക്ഷണ കളരി** | പരിസ്ഥിതി സംരക്ഷണം - ശാസ്ത്ര കഴിവുകൾ - നിരീക്ഷണം - പരീക്ഷണം തുടങ്ങിയവ വികസിപ്പിക്കൽ. | പഠനാശയങ്ങൾ ഉറപ്പിക്കുന്നതിനും, പഠനാശയങ്ങൾ ഉറപ്പിക്കുന്നതിനു ഉതകുന്ന പരീക്ഷണങ്ങൾ തയ്യാറാക്കി അധ്യാപകൻ അവതരിപ്പിക്കൽ ,കുട്ടികൾക്ക് ചെയ്യാനുള്ള അവസരം ,പരിസര നിരീക്ഷണം, ശുചീകരണ പ്രവർത്തനങ്ങൾ . | | വർഷം മുഴുവൻ | അധ്യാപകർ |
| **9.** | **പോഷണം** | കുട്ടികളുടെ പോഷകാഹാര പ്രശ്നങ്ങൾ | കുട്ടികളുടെ നേതൃത്വത്തിൽ പച്ചക്കറി തോട്ടം ജന്മദിനത്തിൽ ഒരു മുറം | | വർഷം മുഴുവൻ | പി ടി എ അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| | | പരിഹരിക്കാനും നാടൻ വിഭവങ്ങളെക്കുറിച്ച് മനസ്സിലാക്കാനുള്ള പദ്ധതി | പച്ചക്കറി ബോധവൽക്കരണ ക്ലാസുകൾ | | | |
| **10.** | **മാസ് ഡ്രിൽ മാനസികാരോഗ്യ പരിശീലനം** | ആഴ്ചയിൽ ഒരിക്കൽ മാസ് ഡ്രിൽ.<br>അസംബ്ലിയിൽ ലഘു വ്യായാമ മുറകൾ. | അധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ക്ലാസിനു ഉതകുന്ന കളികൾ പരിശീലിപ്പിക്കൽ.<br>നാടൻ കളികളെ പരിചയപ്പെടുത്തൽ.<br>കായിക പരിശീലനം | 2000 | വർഷം മുഴുവൻ | അധ്യാപകർ |
| **11.** | **ബ്ലോഗ് നിറക്കൽ** | കുട്ടികൾ സ്വായിത്തമാക്കിയ അറിവുകൾ സമൂഹത്തിനു മുൻപിൽ പ്രദർശിപ്പിക്കൽ. | കുട്ടികളുടെ രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ, കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ നോട്ടീസ് ബോർഡിൽ ചേർക്കൽ. | | വർഷം മുഴുവൻ | അധ്യാപകർ |
| **12.** | **ദിനാചരണങ്ങൾ** | വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ ജിയിൽ രൂപപ്പെടുത്തുന്നു നിശ്ചിത ദിവ-സങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | | വർഷം മുഴുവൻ | പി ടി എ<br>അധ്യാപകർ |
| **13.** | **പഠനോപകരണ നിർമ്മാണ ശില്പശാല** | പഠന പ്രവർത്തനത്തിന് അനുയോജ്യമായ പഠനോപകരണങ്ങളുടെ നിർമ്മാണം - പഠനം രസകരമാക്കൽ. | അധ്യാപകരുടെ / വിദഗ്ധരായ മറ്റുള്ളവരുടെ സഹായത്താൽ സ്കൂൾതലത്തിൽ / ക്ലാസ് തലത്തിൽ പഠനോപകരണ ശില്പശാല സംഘടിപ്പിക്കുന്നു. | 2500 | മാസത്തിലൊരിക്കൽ | പി ടി എ<br>അധ്യാപകർ |
| **14.** | **ഐ.ടി** | വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ | പി എസ് ഐ ടി സി അധ്യാപകന്റെയും മറ്റ് വിദഗ്ധ | | ആഴ്ചയിൽ ഒരിക്കൽ | അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| | | വിനിയോഗം | അധ്യാപകരുടെയും സഹായ ത്തോടെ പാഠഭാഗങ്ങൾക്ക് ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കി ക്ലാസിൽ ഉപയോഗിക്കുന്നു | | | |
| **15.** | **ഔഷധസസ്യത്തോ-ട്ടം കാവ് സംരക്ഷണം ജൈവവൈവിധ്യ പാർക്ക്** | ഔഷധസസ്യങ്ങളെ കുറിച്ച് അവബോധം ഉണ്ടാക്കൽ സസ്യ സംരക്ഷണം | തനിക്ക് ചുറ്റുമുള്ള സസ്യങ്ങളെ കണ്ടെത്തി വിവരശേഖരണം അവയെ നട്ടുവളർത്തൽ, വീഡിയോ പ്രദർശനം , ഫീൽഡ് ട്രിപ്പുകൾ | 2500 | | അധ്യാപകർ സമൂഹം |
| **16.** | **ആരോഗ്യ കായിക വിദ്യാഭ്യാസം** | ആരോഗ്യമുള്ള പുതുതലമുറയെ വാർത്തെടുക്കൽ | സൂംബാ ഡാൻസ്.<br>യോഗാ പരിശീലനം.<br>ഒഴിവ് ദിവസങ്ങളിലെ പരിശീലനം.<br>സമ്പൂർണ്ണ കായിക ക്ഷമത.<br>നിശ്ചിത മേഖലകളിൽ കുട്ടികളുടെ ശേഷികൾ അറിയാനുള്ള പ്രവർത്തനങ്ങൾ<br>മേളകളിൽ മികവു നേടിയ കായികതാരങ്ങളെ ആദരിക്കൽ<br>ജീവിതശൈലി രോഗങ്ങൾ വ്യായാമത്തിലൂടെ പ്രതിരോധിക്കൽ (ബോധവൽക്കരണ ക്ലാസ്) | 2500 | ദിവസവും | അധ്യാപകർ |

# അറബിക് അക്കാദമിക് മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് | പ്രവർത്തനനം നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|---|---|
| **1.** | **അറബിക് മാഗസിൻ** | | ഒന്നു മുതൽ നാലു വരെയുള്ള എല്ലാ ക്ലാസുകളിൽ നിന്നും അറബി പഠിക്കുന്ന കുട്ടികളുടെ സ്വന്തമായിട്ടുള്ള രചനകൾ ഇതിൽ ഉൾക്കൊള്ളിക്കുന്നു.<br>അറബിക് ഭാഷ ദിനത്തിൽ മാഗസിൻ പ്രകാശനം നടത്തുന്നു.<br>വായനാലോകം, ചെറിയ കഥകൾ , പാട്ടുകൾ , വിവരണം, സംഭാഷണം നാടകം തുടങ്ങിയവ സ്വന്തമായി രചിക്കാൻ കഴിയുന്നു. | | | പി ടി എ<br>അധ്യാപകർ |
| **2.** | **വായനാലോകം** | ഭാഷാശേഷി വികസനം | കുട്ടിയെ വായനയുടെ ലോകത്തേ-ക്ക് കൊണ്ടുവരൽ.<br>നല്ല വായനക്കാരൻ  ആക്കുക.<br>തെരഞ്ഞെടുത്ത ലളിതമായ അറ-ബിക് പുസ്തക ശേഖരം.<br>അറബിക് ലൈബ്രറി പുസ്തകങ്ങൾ ചിത്രകഥ കഥ പുസ്തകം.<br>അറബിക് ക്വിസ്  ക്ലാസ് വായന.<br>ഓരോ അറബിക് പിരിയഡിലും ആദ്യം അഞ്ച് മിനിറ്റിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ | സർക്കാർ ഫണ്ട് | ആറുമാസം | അറബിക് അധ്യാപകർ, നാട്ടിലെ അറബ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ, ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ, |

| | | | | | | |
|---|---|---|---|---|---|---|
| | | | വായിക്കുക വായിച്ചപുസ്തകങ്ങൾ രേഖപ്പെടുത്തി വെക്കുക കൂടുതൽ വായിച്ച കുട്ടിക്ക് സമ്മാനം നൽകുക. | | | |
| **3.** | **ആസ്വാദനലോകം** | സർഗ്ഗവാസനകളെ കണ്ടെത്തി പരിശോധിക്കൽ പ്രവർത്തനം ആസ്വാദനസഭ | പാടാനും പറയാനും കഴിയുന്ന മികച്ച പ്രതികളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കു-വാനും ശ്രവിക്കുവാനും അവസരം സൃഷ്ടിക്കുക.<br>രണ്ടാഴ്ചയിൽ ഒരിക്കൽ ആസ്വാദ നസഭ.<br>ഒരിക്കൽ അവതരിപ്പിച്ച വിദ്യാർ ത്ഥികൾ അടുത്ത സഭയിൽ ആസ്വാദകരാവണം.<br>നേരത്തെ ഡൗൺലോഡ് ചെയ്തെ ടുത്ത മികച്ച അറബിക്കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകൾ സഹായത്തോടെ കാണാനുള്ള അവസരം.<br>**ഉദാഹരണം:**- ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ, ആനിമേഷൻ വീഡിയോകൾ, ധാർമിക കഥകൾ ഡോക്യുമെൻററികൾ | | ആറുമാസം | പി ടി എ അധ്യാപകർ |
| **4.** | **അറബിക്ക് അസംബ്ലി** | അറബിക് പഠന പിന്നോക്കാ വസ്ഥ പരിഹരിക്കൽ അടിസ്ഥാന | ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക. | | ആഴ്ചയിൽ ഒരിക്കൽ | അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| | | ഭാഷാശേഷി കുറവ് പരിഹരിക്കൽ. | ചെറിയഅറബിക്കുറിപ്പുകൾ വായിക്കുക.<br>പുസ്തകം പരിചയപ്പെടുത്തൽ.<br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ. | | | |
| 5. | **മത്സരങ്ങളുടെ ലോകം** | വായിച്ച് അറിവു നേടുക.<br>ക്വിസ് മൽസരങ്ങൾ പരീക്ഷകളിൽ ഉന്നത വിജയം നേടുക. | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് അറബിക് മത്സരങ്ങൾ സംഘടിപ്പിക്കുക.<br>**ഉദാഹരണം** :- പദനിർമ്മാണം കഥ പറയൽ കവിത ചൊല്ലൽ പദപ്രശ്നം, മെമ്മറി ടെസ്റ്റ് , ഗദ്യവായന , ആംഗ്യഗാനം, ഖുർആൻ , പാരായണം, പദപ്പയറ്റ് പസിൽസ്. | | | പി ടി എ<br>അധ്യാപകർ |
| 6. | **അറബിക് ഫെസ്റ്റ്** | | അന്താരാഷ്ട്ര അറബിക് ദിനത്തി-ലോ മറ്റോ ഒരു ഫുൾ ഡേ / ഹാഫ് ഡേ അറബിക് ടെസ്റ്റ് നടത്തുക. കാര്യപരിപാടികൾ ഉദ്ഘാടനം ആദരിക്കൽ<br>സ്കൂളിൽ നടത്തിയ മത്സരങ്ങളു-ടെ സമ്മാനദാന ചടങ്ങ് , മികച്ച അറബി കലാ അവതരണം.<br>തൊട്ടടുത്ത അറബിക്ക് സാഹിത്യകാരൻ/പണ്ഡിതനെ പങ്കെടുപ്പിക്ക-ൽ ആദരിക്കൽ<br>തെരഞ്ഞെടുത്ത അറബിക് ഡോക്യുമെൻററി പ്രദർശനം, അറ-ബിക് എക്സിബിഷൻ | | വർഷത്തിൽ ഒന്ന് | പി ടി എ<br>അധ്യാപകർ<br>സമൂഹം |